പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം

കേരള കാർഷിക സർവ്വകലാശാല

മേലേ പട്ടാമ്പി (പി.ഒ), പാലക്കാട് ജില്ല, 679-306 (പിൻ), കേരളം

Email : adrptb@kau.in, rarsptb@kau.in URL: http://rarsptb.kau.in Ph : 0466-2212228

ടെൻഡർ നോട്ടീസ്

നം.RARSCZ/1389/2026-D3 തീയതി. വെള്ളാനിക്കര, 14-07-2026

2026-27 സാമ്പത്തിക വർഷത്തേക്ക് ഈ സ്ഥാപനത്തിലെ ഗവേഷണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ താഴെ പട്ടികയിൽ പറഞ്ഞിട്ടുള്ള രാസവളങ്ങൾ ലഭ്യമാക്കുന്നതിന് താൽപര്യമുള്ള വ്യക്തികളിൽ നിന്നും, അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും ചുവടെ ചേർത്ത വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായി മത്സരാടിസ്ഥാനത്തിൽ രഹസ്യ സ്വഭാവമുള്ള ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു.

ടെൻഡർ വിശദാംശങ്ങൾ	
ടെൻഡർ റഫറൻസ് നമ്പർ	RARSCZ/1389/2026-D3
ടെൻഡർ ക്ഷണിക്കുന്ന അതോറിറ്റി	അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്, പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, പട്ടാമ്പി
സപ്ലൈ ചെയ്യേണ്ട സ്ഥലം	പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, പട്ടാമ്പി
ടെൻഡറുകൾ സ്വീകരിക്കുന്ന അവസാന തീയതിയും സമയവും	30.07.2026, രാവിലെ 11.00 ന്
ടെൻഡറുകൾ തുറക്കുന്ന തീയതിയും സമയവും	30.07.2026, രാവിലെ 11.30 ന്
ടെൻഡർ കോസ്റ്റ്	Rs.472/- (Rs.400/- + 18% ജിഎസ്ടി Rs.72/-)

നിരത ദ്രവ്യം (EMD)	Rs.2000/-
സുരക്ഷിത നിക്ഷേപം (Security Deposit)	ബിഡ് തുകയുടെ 5%.
സെക്യൂരിറ്റി ഡെപ്പോസിറ്റ് സമർപ്പിക്കൽ	സപ്ലൈ ഓർഡർ നൽകിയ തീയതി മുതൽ 7 ദിവസത്തിനുള്ളിൽ.
ബിഡിന്റെ സാധുത കാലയളവ്	31.03.2027 വരെ.
സപ്ലൈ കാലയളവ്	സപ്ലൈ ഓർഡർ ഇഷ്യൂ ചെയ്ത തീയതി മുതൽ 7 ദിവസത്തിനുള്ളിൽ.

ടെൻഡർ പ്രക്രിയയെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്ക് പട്ടാമ്പി, റീജിയണൽ അഗ്രികൾച്ചറൽ റിസർച്ച് സ്റ്റേഷൻ ഓഫീസ് മുഖേന രാവിലെ 10.00 മുതൽ വൈകുന്നേരം 5.00 വരെ സമയത്ത് ബന്ധപ്പെടാവുന്നതാണ്.

രാസവളങ്ങൾ	
ക്രമ നം.	ഇനങ്ങൾ
1.	യൂറിയ (Urea)
2.	രാജ്ഫോസ് (Rajphos)
3.	മ്യൂറിയേറ്റ് ഓഫ് പൊട്ടാഷ് (MOP)
4.	മ്യൂറിയേറ്റ് ഓഫ് പൊട്ടാഷ് (MOP) (White Potash)
5.	നീറ്റുകക്ക
6.	സൾഫേറ്റ് ഓഫ് പൊട്ടാഷ് (SOP)
7.	NPK 19:19:19
8.	മോണോ അമോണിയം ഫോസ്ഫേറ്റ്
9.	13-0-45
10.	ഫാക്കംഫോസ്
11.	മഗ്നീഷ്യം സൾഫേറ്റ്
12.	ബൊറാക്സ്
13.	കാൽസ്യം നൈട്രേറ്റ്

നിബന്ധനകൾ

1. മേൽപ്പറഞ്ഞ രാസവളങ്ങൾ കിലോ ഗ്രാം അളവിൽ ലഭ്യമാക്കുന്ന നിരക്കാണ് ടെൻഡറിൽ രേഖപ്പെടുത്തേണ്ടത്.

2. കൂട്ടേഷൻ സമർപ്പിക്കുന്ന വ്യക്തി/സ്ഥാപനം ബന്ധപ്പെട്ട തിരിച്ചറിയൽ രേഖയുടെ പകർപ്പ് കൂട്ടേഷനോടൊപ്പം സമർപ്പിക്കേണ്ടതാണ്.

3. ടെൻഡർ ഉറപ്പിക്കുന്ന സ്ഥാപനം ഈ സ്റ്റേഷനിൽ നിന്നും നൽകുന്ന സപ്ലൈ ഓർഡറിന്റെ അടിസ്ഥാനത്തിൽ നിശ്ചിത തിയ്യതിക്കകം സാധനങ്ങൾ ലഭ്യമാക്കേണ്ടതാണ്.

4. www.rarsptb.kau.in/tenders, www.kau.in/tenders എന്ന വെബ്സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്യാവുന്ന നിശ്ചിത ഫോമിലാണ് ടെൻഡർ സമർപ്പിക്കേണ്ടത്. ടെൻഡർ ഫോമിന്റെ വില, ജി.എസ്.ടി ഉൾപ്പെടെ 472/- രൂപ, നിരതദ്രവ്യം 2,000/- രൂപ എന്നിവ 'അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്, പ്രദേശിക കാർഷിക ഗവേഷണ കേന്ദ്രം, മേലെ പട്ടാമ്പി (പി.ഒ), പാലക്കാട് - 679 306' എന്ന വിലാസത്തിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, പട്ടാമ്പി ശാഖയിൽ മാറാവുന്ന രണ്ട് വ്യത്യസ്ത ഡിമാൻഡ് ഡ്രാഫ്റ്റുകളായി ടെൻഡറിന്റെ കൂടെ സമർപ്പിക്കേണ്ടതാണ്.

5. 200/- രൂപ വിലയുള്ള മുദ്ര പേപ്പറിൽ www.rarsptb.kau.in/tenders, www.kau.in/tenders എന്ന വെബ്സൈറ്റിൽ നൽകിയ മാതൃകയിൽ കരാർ എഴുതി ഒപ്പിട്ട് ടെൻഡറിന്റെ കൂടെ സമർപ്പിക്കേണ്ടതാണ്.

6. ഇപ്രകാരം തയ്യാറാക്കിയ ടെൻഡറുകൾ മുദ്ര വച്ച കവറിൽ, 'അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്, പ്രദേശിക കാർഷിക ഗവേഷണ കേന്ദ്രം, മേലെ പട്ടാമ്പി (പി.ഒ), പാലക്കാട് - 679 306' എന്ന വിലാസത്തിൽ **30.07.2026 ന് ഉച്ചക്ക മുൻപ് 11.00** മണിക്കോ അതിനു മുൻപോ ആയി തപാലിലോ നേരിട്ടോ എത്തിക്കേണ്ടതാണ്. നിശ്ചിത സമയത്തിനു ശേഷം ലഭിക്കുന്ന കൂട്ടേഷനുകൾ സ്വീകരിക്കുന്നതല്ല.

7. ടെൻഡർ അടക്കം ചെയ്ത കവറിന് പുറത്ത് 'രാസവളങ്ങൾ ലഭ്യമാക്കുന്നതിനുള്ള ടെൻഡർ' എന്ന് രേഖപ്പെടുത്തിയിരിക്കണം.

8. ലഭിച്ച ടെൻഡറുകൾ **30.07.2026 ന് ഉച്ചക്ക മുൻപ്** 11.30 ന് ടെൻഡർ സമർപ്പിച്ചവരിൽ ഹാജരുള്ളവരുടെ സാന്നിധ്യത്തിൽ തുറക്കുകയും ഏറ്റവും കുറഞ്ഞ തുക ന്യായമാണെന്ന് ബോധ്യപ്പെട്ടാൽ പ്രസ്തുത തുകയ്ക്ക് ടെൻഡർ ഉറപ്പിക്കുന്നതുമാണ്.

9. ഈ ഗവേഷണ കേന്ദ്രത്തിൽ നിന്ന് നൽകുന്ന സപ്ലൈ ഓർഡർ അനുസരിച്ചാണ് സാധനം ലഭ്യമാക്കേണ്ടത്. സപ്ലൈ ഓർഡർ ലഭിച്ച് ഏഴ് ദിവസത്തിനകം സാധനം ലഭ്യമാക്കേണ്ടതാണ്.

10. സാധനം ലഭ്യമാക്കിയതിന് ശേഷം ഇൻവോയ്സ് അടിസ്ഥാനത്തിൽ ബാങ്ക് മുഖേനയായിരിക്കും തുക നൽകുക. പണം മുൻകൂർ നൽകുന്നതല്ല.

11. കരാർ തുകയിൽ നിന്ന് നിലവിലുള്ള നിരക്കിൽ ആദായനികുതി ഈടാക്കുന്നതാണ്. ഇതിന് ആദായനികുതി വകുപ്പിൽ നിന്ന് ലഭിച്ച പാൻ കാർഡ് ഹാജരാക്കേണ്ടതാണ്.

12. ടെൻഡർ ഉറപ്പിച്ചുകിട്ടിയ വ്യക്തിക്ക്, ടെൻഡറിൽ രേഖപ്പെടുത്തിയ നിരക്കിലുള്ള തുകയല്ലാതെ മറ്റ് യാതൊരു ആനുകൂല്യങ്ങൾക്കും അർഹതയുണ്ടായിരിക്കുന്നതല്ല.

13. കരാറുകാരുടെ പ്രവർത്തനങ്ങൾ, കരാർ വ്യവസ്ഥകൾക്ക് വിരുദ്ധമാണെന്നു കണ്ടാൽ കരാറുകാരുടെ ഭാഗം വിശദീകരിക്കുന്നതിന് ന്യായമായ അവസരം നൽകിയതിനു ശേഷം കരാർ അവസാനിപ്പിക്കാനുള്ള അധികാരം അസോസിയേറ്റ് ഡയറക്ടർക്ക് ഉണ്ടായിരിക്കും.

14. കൂട്ടേഷനുകൾ സ്വീകരിക്കുന്നതിനും, യാതൊരു കാരണവും കാണിക്കാതെ നിരസിക്കുന്നതിനും അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ചിന് അധികാരമുണ്ടായിരിക്കും.

15. ടെൻഡറുമായി ബന്ധപ്പെട്ട കേരള സർക്കാരിന്റെ മറ്റ് എല്ലാ നിബന്ധനകളും ഈ ടെൻഡറിനും ബാധകമായിരിക്കും.

Dr. THULASI V
ASSOCIATE DIRECTOR OF RESEARCH

Digitally signed by Thulasi V
Date: 14-07-2026 06:17:03

സ്വീകർത്താക്കൾ : നോട്ടീസ് ബോർഡ് - ഓഫീസ്/ഫാം/കാന്റീൻ/മിനി സിവിൽ സ്റ്റേഷൻ, പട്ടാമ്പി/കെ.എ.യു വെബ്സൈറ്റ്.

പകർപ്പ്
ശ്രീ. ശ്യാം പ്രകാശ് പി കെ, ഫാം സൂപ്രണ്ട്

KERALA AGRICULTUTAL UNIVERSITY
MELE PATTAMBI
PALAKKAD 679306
REGIONAL AGRICULTURAL RESEARCH STATION